**പതിമൂന്നാം കേരള നിയമസഭ**

# സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ
രണ്ടാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്]

2013 ജൂൺ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി II
# (ഭൂനികുതിയും ദേവസ്വവും)

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ
രണ്ടാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്]

870/2013.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി II
## (ഭൂനികുതിയും ദേവസ്വവും)
## (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. വി. എസ്. ശിവകുമാർ,
ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. ബി. അബ്ദുൾ റസാക്
„ ബാബു എം. പാലിശ്ശേരി
„ സി. കെ. നാണു
„ എ. പ്രദീപ്കുമാർ
„ പാലോട് രവി
„ സി. കെ. സദാശിവൻ
„ വി. പി. സജീന്ദ്രൻ
„ എൻ. ഷംസുദ്ദീൻ
„ വി. എസ്. സുനിൽ കുമാർ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
„ കെ. സി. ജോസഫ്കുട്ടി, അഡീഷണൽ സെക്രട്ടറി
„ എം. കെ. സുരേന്ദ്രലാൽ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ 2013 ജൂൺ 11-ാം തീയതിയിൽ ചേർന്ന സമിതിയോഗത്തിൽ പരിഗണിച്ചു.

2013 ജൂൺ 11-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

അടൂർ പ്രകാശ്

തിരുവനന്തപുരം, *ചെയർമാൻ,*

11-6-2013 *സബ്ജക്ട് കമ്മിറ്റി II.*

# റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ, സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി II-ന്റെ 2012-2013 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2012 മേയ്മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിക്കുകയും, 2012 ജൂൺ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ റവന്യൂ, ദേവസ്വം എന്നീ വകുപ്പുകളെ സംബന്ധിക്കുന്ന 31 ശുപാർശകളാണുള്ളത്. റിപ്പോർട്ടിലെ ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമായ അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ 11-6-2013-ാം തീയതിയിലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശുപാർശകളും ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ചുവടെ ചേർക്കുന്നു :

ശുപാർശ

2215-02-105-95—ഗ്രാമീണ ശുചീകരണ സർവ്വീസുകൾ (ശബരിമല ശുചീകരണ പദ്ധതികൾക്കുള്ള സഹായം)

ലക്ഷക്കണക്കിന് തീർത്ഥാടകർ എല്ലാവർഷവും എത്തിച്ചേരുന്ന ശബരിമലയിലെ ശുചീകരണപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ബഡ്ജറ്റ് വിഹിതം വിനിയോഗിച്ച് തീർന്നതിനുശേഷം വിഭവലഭ്യത കൂടി കണക്കിലെടുത്ത് നിർദ്ദേശം പരിശോധിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

ശബരിമല മാസ്റ്റർ പ്ലാനിലെ പ്രധാന ഇനങ്ങൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 25 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

870/2013.

സ്വീകരിച്ച നടപടി

ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി നടപ്പ് സാമ്പത്തികവർഷം 2551-60-101-98 (പ്ലാൻ) ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഭവ ലഭ്യതയുടെ പരിമിതി കാരണം കൂടുതൽ തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

2250-00-800-99—ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കുളങ്ങളും കാവുകളും ആൽത്തറകളും സംരക്ഷിക്കുന്നതിനായി 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2011-12-ൽ അനുവദിച്ച 5 കോടി രൂപ വിനിയോഗിച്ചതിനുശേഷം കൂടുതൽ തുക അനുവദിക്കുന്നതിനെ സംബന്ധിച്ചുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2250-00-103-87-31—സഹായധനം—ശമ്പളം

2250-00-103-87-36—സഹായധനം—ശമ്പളേതരം

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 5 അസിസ്റ്റന്റ് കമ്മിഷണർ ഓഫീസുകളുടെ കീഴിൽ 1300-ൽപ്പരം ക്ഷേത്രങ്ങളുണ്ട്. ഈ ക്ഷേത്രങ്ങൾ സന്ദർശിക്കുന്നതിനും ഔദ്യോഗിക ആവശ്യങ്ങൾക്കും ഓരോ അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിനും ഓരോ ജീപ്പ് വാങ്ങുന്നതിന് ആവശ്യമായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

മലബാർ ദേവസ്വം ബോർഡിന്റെ ആസ്ഥാന ഓഫീസിനും ഡിവിഷൻ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം പണിയുന്നതിനായി പത്ത് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

മലബാർ ദേവസ്വം ബോർഡ് കക്ഷിയായുള്ള ഹൈക്കോടതി കേസുകൾ നടത്തുന്നതിനായി ഡിവിഷൻതിരിച്ച് രണ്ട് സ്റ്റാന്റിംഗ് കോൺസൽമാരെയും പയ്യന്നൂർ, ഒറ്റപ്പാലം, പാലക്കാട് എന്നീ സബ് കോടതികളിലായി ഓരോ സ്റ്റാന്റിംഗ്

കോൺസൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് സമിതി മനസ്സിലാക്കുന്നു. മറ്റ് സബ് കോടതികളിലും സ്റ്റാന്റിംഗ് കോൺസൽമാരെ നിയോഗിക്കേണ്ടതുണ്ട്. ആയതിലേക്കുള്ള ചെലവിനായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലെ ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്ത മായതിനാൽ ടി ഇനത്തിൽ 30 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

മലബാർ ദേവസ്വം ബോർഡിലെ മിക്ക ക്ഷേത്രങ്ങളിലെയും കുളങ്ങൾ മതിയായ സംരക്ഷണം ലഭിക്കാതെ നാശോന്മുഖമായിരിക്കുകയാണ് എന്ന് സമിതി മനസ്സിലാക്കുന്നു. മലബാർ പ്രദേശത്തെ മുഴുവൻ ക്ഷേത്രക്കുളങ്ങളുടെയും സംരക്ഷണം ഏറ്റെടുക്കുന്നതിന് ഒരു പദ്ധതി അത്യാവശ്യമാണ്. ഈ ഇനത്തിൽ അഞ്ച് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ കംഫർട്ട് സ്റ്റേഷൻ, വിശ്രമ മന്ദിരം എന്നിവ സ്ഥാപിക്കുന്നതിനായി ഗ്രാന്റ് നൽകുന്നതിന് പത്ത് കോടി രൂപ വകയിരുത്തുന്നതിന് ആവശ്യപ്പെട്ടതിൽ ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ഇനത്തിൽ 10 കോടി രൂപ വകയിരുത്ത ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

ഉത്തര മലബാറിലെ ആചാരസ്ഥാനീയർ, കോലധാരികൾ എന്നിവർക്ക് മാസ അലവൻസായി വകയിരുത്തിയിരിക്കുന്ന തുക അപര്യപ്തമായതിനാൽ, ആയത് 3 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

(ഖണ്ഡിക 25-31)

മലബാർ ദേവസ്വം ബോർഡിന് മുൻവർഷത്തെ ധനസഹായമായ 19.80 കോടി രൂപയുടെ സ്ഥാനത്ത് ഈ വർഷം 22.49 കോടി രൂപ അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ മൊത്തം സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഈ സഹായധനത്തിൽ വർദ്ധനവ് വരുത്തുക സാദ്ധ്യമാവുകയില്ല. ബോർഡ്

അതിന്റെ വികസന പ്രവർത്തനങ്ങൾക്കും വാഹനം വാങ്ങുന്നതിനുള്ള ചെലവുൾക്കും സ്വന്തംനിലയിൽ ആവശ്യമായ ധനസമാഹരണ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഉത്തര മലബാറിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള മാസ അലവൻസായി വകയിരുത്തിയ തുക തീരുന്നമുറയ്ക്ക് അധികമാവശ്യമായ തുകയുടെ വിശദാംശങ്ങൾ സഹിതം ധനപുനർവിനിയോഗത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മലബാർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

2012-13-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1 മുതൽ 21 വരെയുള്ള ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും യാതൊരു മറുപടിയും ഇതുവരെ ലഭിച്ചിട്ടില്ല.

അടൂർ പ്രകാശ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*